# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1356 — 20.01.2014 ൽ മറുപടിക്ക്

## സിവിൽ സപ്ലൈസ് വകുപ്പിൻ കീഴിലെ ദിവസ വേതന ജീവനക്കാർ

**ചോദ്യം**

ശ്രീ. ചിറ്റയം ഗോപകുമാർ :

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി )

(എ) സിവിൽ സപ്ലൈസിന്റെ നിയന്ത്രണത്തിലുള്ള മാവേലി സ്റ്റോറുകളിലും സൂപ്പർ ബസാറുകളിലും ഇതര റീട്ടയിൽ ഔട്ട്ലെറ്റുകളിലും എത്ര താല്ക്കാലിക ജീവനക്കാർ ദിവസവേതനത്തിൽ നിലവിലുണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(എ) പ്രതിമാസ സെയിൽസ് കളക്ഷൻ അടിസ്ഥാനമാക്കിയാണ് ദിവസവേതനക്കാരുടെ എണ്ണം നിശ്ചയിക്കുന്നത്. 2013 ഡിസംബർ മാസത്തെ കണക്ക് അനുസരിച്ച് ജില്ല തിരിച്ചുള്ള വിവരം താഴെ പറയുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 535 |
| കൊല്ലം | 405 |
| പത്തനംതിട്ട | 222 |
| ആലപ്പുഴ | 267 |
| കോട്ടയം | 354 |
| ഇടുക്കി | 140 |
| എറണാകുളം | 488 |
| തൃശ്ശൂർ | 319 |
| പാലക്കാട് | 263 |
| മലപ്പുറം | 353 |
| കോഴിക്കോട് | 351 |
| വയനാട് | 90 |
| കണ്ണൂർ | 368 |
| കാസർഗോഡ് | 75 |

(ബി) ഇത്തരം സ്ഥാപനങ്ങളിൽ പ്രസ്തുത ജീവനക്കാരെ 8 മണിക്കൂറിലധികം ജോലി ചെയ്യിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഔട്ട്ലെറ്റുകളുടെ പ്രവൃത്തി സമയമാണ് ഇവർക്കും ബാധകമാക്കിയിട്ടുള്ളത്.

(സി) അധിക പ്രവൃത്തി സമയങ്ങൾക്ക് അധികവേതനം ലഭ്യമാക്കാറുണ്ടോ;

(സി) ബാധകമല്ല.

| | | | |
|---|---|---|---|
| (ഡി) | പത്ത് വർഷത്തി ലധികമായി ദിവസ വേതനത്തിൽ പണി യെടുത്തുവരുന്ന എത്ര ജീവക്കാരുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ഡി) | ഇത്തരത്തിലുള്ള ജീവനക്കാർ ആരും തന്നെ ഇല്ല. |
| (ഇ) | ഇവരെ കാഷ്വൽ ജീവനക്കാരായി പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഇ) | ബാധകമല്ല. |
| (എഫ്) | നിലവിൽ ഇവർക്ക് ലഭ്യ മായിക്കൊണ്ടിരിക്കുന്ന ദൈനിക വേതനം കാലോചിതമായി പരിഷ്കരിച്ച് സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം നൽകുന്നതിന് നടപടി ഉണ്ടാകുമോ? | (എഫ്) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ദിവസവേതനം 125/- രൂപയിൽ നിന്ന് 200/- രൂപയായും 200/- രൂപയിൽ നിന്നും 250/- രൂപയായും വർദ്ധിപ്പിച്ച് നൽകി. |

Beena

**സെക്ഷൻ ഓഫീസർ**